# ST. MARYS GIRLS HIGH SCHOOL
# ATHIRAMPUZHA

## ACADEMIC MASTER PLAN
## 2025-26



## ഉള്ളടക്കം

1. അടിസ്ഥാനവിവരങ്ങൾ
2. ആമുഖം
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. നിലവിലെ അവസ്ഥാവിശകലനം
5. മികവുകൾ - നേട്ടങ്ങൾ
6. ലക്ഷ്യങ്ങൾ
7. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
8. സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിതികളും
9. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ
10. അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
11. പ്രതീക്ഷിക്കുന്ന ഭൗതികവികസനങ്ങൾ
12. പരിഹാര നിർദ്ദേശങ്ങൾ
13. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ്.മേരീസ് ഗേൾസ് ഹൈസ്കൂൾ അതിരമ്പുഴ |
| സ്കൂൾ കോഡ് | : 33003 |
| റവന്യൂ ജില്ല. | : കോട്ടയം |
| മേൽവിലാസം. | : അതിരമ്പുഴ പി. ഒ., kottayam- 686562 |
| ഫോൺ നമ്പർ. | : 0481 2730253 |
| E-mail. | : hmstmarys2017@gmail.com |
| ഗ്രാമപഞ്ചായത്ത്. | : അതിരമ്പുഴ ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല. | : കോട്ടയം |
| ഉപജില്ല | : കോട്ടയം west, ഏറ്റുമാനൂർ |
| ബി. ആർ. സി. | : ഏറ്റുമാനൂർ |
| ക്ലാസുകൾ. | : 5 മുതൽ 10 വരെ |
| പഠന മാധ്യമം. | : മലയാളം, English |
| സ്കൂൾ വിഭാഗം. | : പെൺകുട്ടികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന അതിരമ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്.

പ്രൈമറി ഹെൽത്ത് സെന്റർ, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, എസ്.ബി.റ്റി, ഫെഡറൽ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, കെ.എസ്.എഫ്.ഇ, വനിതാ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ഈ സ്കൂളിന് സമീപം പ്രവർത്തിക്കുന്നു. കൂടാതെ മഹാത്മാ ഗാന്ധി സർവ്വകലാശാല, ബി.കെ. കോളേജ് അമലഗിരി, കെ.ഇ. കോളേജ് മാന്നാനം, സെന്റ് ജോസഫ്സ് ബി.എഡ്. ട്രെയിനിങ് കോളേജ്, മെഡിക്കൽ കോളേജ്, ഡെന്റൽ കോളേജ് തുടങ്ങിയവ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളും സമീപത്തുണ്ട്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

അതിരമ്പുഴയിൽ സ്ഥാപിതമായിരുന്ന ആരാധനാ മഠത്തിന്റെ രണ്ടു മുറികളിലായി 1921 മെയ് 23-ാം തീയതി ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസ്സും ഫസ്റ്റ് ഫോമുകളുമാണ് ഇന്നത്തെ സെന്റ് മേരീസ് ഹൈസ്ക്കൂളിന്റെ പൂർവ്വരൂപം ബഹു. ജോർജ്ജ് അമ്പിയാത്ത് അച്ചനായിരുന്നു പ്രഥമ മാനേജർ, പള്ളത്തുകാരൻ ശ്രീ. ചെറിയാൻ സാറായിരുന്നു പ്രഥമ ഹെഡ്മാസ്റ്റർ. 1926-27 ലാണ് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. 1946 ൽ പ്ലാറ്റിനം ജൂബിലിയും 1971 ൽ സുവർണ്ണ ജൂബിലിയും 2011 ൽ നവതിയും ആഘോഷിച്ചു. 2021 ൽ ശതാബ്ദിയും ആഘോഷിച്ചു.

കോട്ടയം റെവന്യൂ ജില്ലയിലും കോട്ടയം വിദ്യാഭ്യാസ ജില്ലയിലും ഏറ്റുമാനൂർ ഉപജില്ലയിലും ഉൾപ്പെട്ടതാണ് ഈ സ്കൂൾ.

സ്ത്രീ സ്വാതന്ത്ര്യവും സ്ത്രീ-പുരുഷ സമത്വവും അംഗീകരിക്കപ്പെടാതിരുന്ന കാലത്ത് സ്ത്രീകളുടെ വിദ്യാഭ്യാസവും സാംസ്ക്കാരിക പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ട് ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ കുര്യാളശ്ശേരി പിതാവ് നടത്തിയ നവീന കാൽവയ്പിന്റെ ഫലമായിരുന്നു ഈ സ്കൂൾ. ആരാധനാ മഠത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്കൂൾ 1976 ൽ ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിൻ ചേർത്തു.

## നിലവിലെ അവസ്ഥാവിശകലനം

അനേകായിരങ്ങൾക്ക് ആത്മവിശുദ്ധിയും അറിവിന്റെ നിറവും പകർന്ന് ശതാബ്ദിയിലേയ്ക്കുള്ള തന്റെ പ്രയാണം തുടരുകയാണ്. അതിരമ്പുഴ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ UP, HS വിഭാഗങ്ങളിലായി വിദ്യാർത്ഥിനികൾ അദ്ധ്യയനം നടത്തുന്നു. 35 അദ്ധ്യാപകരും 5 അനദ്ധ്യാപകരും അടങ്ങുന്ന സ്കൂൾ സ്റ്റാഫ് സ്കൂളിന്റെ സർവ്വതോന്മുഖമായ വികാസവും ഉന്നമനവും ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്നു.

| TOTAL STRENGTH | | | |
|---|---|---|---|
| Sl. No. | Class | No. of Students | |
| 1 | V A | 2 | Mal - 2 |
| 2 | V B | 31 | Eng - 91 |
| 3 | V C | 29 | |
| 4 | VD | 31 | |
| | **Total** | 93 | |
| 5 | VI A | 3 | Mal- 3 |
| 6 | VI B | 33 | Eng - 103 |
| 7 | VI C | 35 | |
| 8 | VI D | 35 | |
| | **Total** | 106 | |
| 9 | VII A | 12 | Mal - 12 |
| 10 | VII B | 34 | Eng- 102 |
| 11 | VII C | 33 | |
| 12 | VII D | 35 | |
| | **Total** | 114 | |
| 13 | VIII A | 20 | Mal- 20 |
| 14 | VIII B | 32 | Eng - 126 |
| 15 | VIII C | 33 | |
| 16 | VIII D | 30 | |
| 17 | VIII E | 31 | |
| | **Total** | 146 | |
| 18 | IX A | 20 | Mal- 20 |
| 19 | IX B | 45 | Eng- 131 |
| 20 | IX C | 46 | |
| 21 | IX D | 40 | |
| | **Total** | 151 | |
| 22 | X A | 14 | Mal- 14 |
| 23 | X B | 45 | Eng- 135 |
| 24 | X C | 44 | |
| 25 | X D | 46 | |
| | **Total** | 149 | |
| | **Grand Total** | **759** | |

| ST. MARY'S GHS ATHIRAMPUZHA | | | |
|---|---|---|---|
| STAFF STRENGTH 2025-26 | | | |
| Head of Account | Category | Designation | Number of persons in each stage |
| 22202-02-110-99 | Aided Secondary Schoo | HM | 1 |
| | | HSA (Maths) | 3 |
| | | HSA (Social Science) | 3 |
| | | HSA (English) | 2 |
| | | HSA (Phy.Sc.) | 3 |
| | | HSA (Nat. Sc.) | 2 |
| | | HSA ( Malayalam) | 3 |
| | | HSA (Hindi) | 2 |
| | | Specialist Teacher ( Phy. Edu. Sr. Gr.) | 1 |
| | | Specialist Teacher (Drawing) | 1 |
| | | Specialist Teacher (Sewing) | 1 |
| | | Clerk | 1 |
| | | O. A. | 2 |
| | | F. T. M | 2 |
| 2202-01-102-99 | Aided Primary School | UPSA | 12 |
| | | LG Hindi | 1 |
| | | Total | 40 |

# മികവുകൾ നേട്ടങ്ങൾ

**SSLC Result 2024-25 100% വിജയം**

**39 Full A+ , 7 - 9A+**

**ഉപജില്ലാ മേളകൾ**

**ശാസ്ത്രമേള.**

UP - Third overall

HS - First overall

**സാമൂഹ്യശാസ്ത്ര മേള**

UP - First overall

HS - Third overall

**ഗണിത ശാസ്ത്ര മേള**

UP - First overall

HS - Second overall

**പ്രവർത്തിപരിചയ മേള**

HS - Second overall

സംസ്ഥാന തലം - Metal Engraving -B grade

**കായിക മേള**

Girls വിഭാഗം Overall

സംസ്ഥാന തലം - Badminton - Second - Silver Medal

**കലാമേള**

HS + UP - overall

HS - First overall

UP - First overall

സംസ്ഥാന തലം - കാവ്യകേളി HS - B grade

- ഈ വർഷം മുതൽ നമ്മുടെ സ്കൂളിൽ SPC (Students Police Cadet) Batch ആരംഭിച്ചു.
- Little Kites District camp ലേക്ക് 3 കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടു. അതിൽ നിന്നും നൈതിക ജീജോ State level ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
- സിവിൽ സർവീസ് ഉൾപ്പെടെയുള്ള ഗവൺമെന്റ് ഉദ്യോഗങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നതിനുവേണ്ടി ചങ്ങനാശേരി കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന DISHA പ്രോഗ്രാമിന്റെ Junior IAS പരീക്ഷയിൽ Diya Susan Thomas 4th റാങ്കും Midhulekha V. 9th റാങ്കും കരസ്ഥമാക്കി.
- 15 കുട്ടികൾക്ക് USS Scholarship നേടുകയും 4 പേർക്ക് gifted status ലഭിക്കുകയും ചെയ്തു.
- NMMS പരീക്ഷയിൽ മികച്ച നേട്ടങ്ങൾ.
- സംസ്ഥാന കായിക മേളയിൽ ബാസ്കറ്റ് ബോളിൽ നാലാം സ്ഥാനം കരസ്ഥമാക്കിയ ടീമിൽ  നമ്മുടെ സ്കൂളിലെ Riya Robin ഉം Kids ടീമിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ടീമിൽ Meha Joseph  എന്നിവർ മികച്ച പ്രകടനം കാഴ്ചവച്ചു.
- സംസ്ഥാന സ്കൂൾ ഒളിംപിക്സ് കായികമേളയിൽ നമ്മുടെ സ്കൂളിലെ Sandra Alphonse Thomas  Badminton ൽ **വെള്ളി** മെഡൽ കരസ്ഥമാക്കി.
- സംസ്ഥാന പ്രവർത്തിപരിചയ മേളയിൽ Metal Engraving ൽ Malavika P. S. B grade കരസ്ഥമാക്കി
- എനർജി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ദേശീയ പെയിന്റിംഗ് മത്സരത്തിൽ സംസ്ഥാനതലത്തിൽ ജാനകി ബിനു, ആര്യനന്ദ എന്നിവർക്ക് Scholarship നേടി.
- 25 ക്ലബ്ബുകൾ, ബാൻഡ്സെറ്റ്, റെഡ്ക്രോസ്, Guiding എന്നിവയുടെ പ്രവർത്തനങ്ങൾ
- 19 കുട്ടികൾക്ക് Guiding രാജ്യപുരസ്ക്കാർ ലഭിച്ചു.
- School Protection Group, സ്കൂൾ സുരക്ഷാ സമിതി, സ്കൂൾ കൗൺസലിംഗ് group എന്നിവയുടെ സജീവ പ്രവർത്തനം.

## ലക്ഷ്യങ്ങൾ

- ★ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക. തുല്യത, ഗുണത ഉറപ്പാക്കുക
- ★ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- ★ ഭിന്നശേഷി സൗഹൃദ വിദ്യാലയ അന്തരീക്ഷം രൂപപ്പെടുത്തുക.
- ★ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കുക.
- ★ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം നൽകുക.
- ★ പാഠ്യവിഷയങ്ങൾ കൂടാതെ എല്ലാ കുട്ടികൾക്കും ഒരു അധികശേഷി സ്വയത്തമാക്കുക.
- ★ സ്കോളർഷിപ്പ് കോച്ചിംഗ്
- ★ കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവതി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർ ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- ★ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
- ★ എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകളിലെ പ്രാവീണ്യം ഉറപ്പുവരുത്തുക.
- ★ ലഹരിക്കെതിരെ അവബോധം വളർത്തുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- ★ കുട്ടികളുടെ സമഗ്രവികാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെ സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റുക.
- ★ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
- ★ ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- ★ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസ അന്തരീക്ഷം ഉറപ്പാക്കൽ
- ★ പാരിസ്ഥിതിക അവബോധത്തോടെ സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്താൻ കുട്ടിയെ പ്രാപ്തമാക്കൽ.

## ദർശനം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവതി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായ നല്ല വിദ്യാലയ അന്തരീക്ഷവും പഠനരീതിയും സംജാതമാക്കുക.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിതികളും

- ക്ലാസ് റൂമുകളുടെ എണ്ണത്തിലുള്ള കുറവ്
- ഇടഭിത്തികളില്ലാത്ത ക്ലാസ് റൂമുകൾ
- സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ കുറവ്
- സ്കൂൾ ക്യാമ്പസിനുള്ളിൽ play ground ഇല്ല
- വേനൽക്കാലത്തെ ജലക്ഷാമം
- കുട്ടികളുടെ യാത്രാക്ലേശം
- ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള രക്ഷിതാക്കളുടെ കാഴ്ചപ്പാടിന്റെ അഭാവം
- കുട്ടികളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളുടെയും ഏകോപനക്കുറവ്

**പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ**

- SRG യോഗത്തിൽ - St. Mary's Girls High School - വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരണം, ചർച്ച
- വികസന ആവശ്യങ്ങൾ ക്ലാസ്സ്, വിഷയ അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- കരട് രൂപരേഖ SRG, PTA, MPTA, ജന പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ
- ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- PTA യുടെ സഹായത്തോടെ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

**അക്കാദമിക മികവിനായി മിക്കവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ**

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ശാസ്ത്രപോഷണ പരിപാടി
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായനാശേഷി വർദ്ധിപ്പിക്കൽ
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി നവീകരണം
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- കായിക പഠനം
- ദിനാചരണങ്ങൾ
- ടേം മൂല്യനിർണയം - നിരന്തര വിലയിരുത്തലുകൾ
- ക്ലാസ് PTA സജീവമാക്കൽ
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- പോഷകാഹാര പരിപാടി
- അഭിമുഖങ്ങൾ
- പഠനയാത്രകൾ
- പച്ചക്കറിത്തോട്ടം
- ഹരിതവിദ്യാലയം
- സെമിനാറുകൾ
- ഐ. ടി. പരിശീലനം
- SRG ശാക്തീകരണം
- കലാ-കായിക മേളകൾ
- ലഹരി വിരുദ്ധ അവബോധം വളർത്തുക

## അക്കാദമിക പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷരക്കാർഡ് വാക്കുകൾ നിർമ്മിക്കൽ<br>വാക്യം നിർമ്മിക്കൽ<br>അടിക്കുറിപ്പ് | പ്രത്യേകം ക്ലാസ്<br>2 മാസം | പുസ്തകങ്ങൾ, സി.ഡി | IED Trainee<br>PTA<br>അധ്യാപകർ |
| 2 | മികച്ച വായനക്കാരനാക്കുക | വായനാമൂല<br>ക്ലാസ് ലൈബ്രറി<br>ബാഗ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>നവീകരിക്കൽ<br>വായനാ ക്രിക്കറ്റ്<br>പത്രവായന<br>വായനാക്കുറിപ്പ് പതിപ്പ്<br>മികച്ച സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>കലാരൂപങ്ങളുടെ അവതരണം<br>സാഹിത്യകാരന്മാരുടെ ചിത്രപ്രദർശനം | 3 മാസം | പുസ്തകങ്ങൾ<br>പത്രം<br>ലൈബ്രറി<br>ഫോട്ടോ<br>കലാകാരന്മാർ<br>സാഹിത്യകാരന്മാർ | PTA<br>ജനപ്രതിനിധികൾ<br>അധ്യാപകർ |

## Midterm (മലയാളം)

| ക്രമ നമ്പർ | പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം<br>പുസ്തക ചർച്ച<br>സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്<br>പുസ്തകം ശില്പശാല<br>സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>കയ്യെഴുത്തു മാസിക | 4 മാസം | ലൈബ്രറി പുസ്തകങ്ങൾ | സർഗ പ്രതിഭകൾ<br>അധ്യാപകർ |

## Long term (മലയാളം)

| ക്രമ നമ്പർ | പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | മികച്ച കലാകാരനാക്കുക | പ്രാദേശിക സംസ്കാരത്തെക്കുറിച്ച് വിവരശേഖരണം<br>അഭിമുഖം<br>സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>ചിത്രീകരണം<br>പ്രദർശനം | 2 വർഷം | ചരിത്രരേഖകൾ<br>ക്യാമറ<br>സാംസ്കാരിക രാഷ്ട്രീയ പ്രമുഖർ<br>പുസ്തകങ്ങൾ | സാംസ്കാരിക നായകർ<br>ജനപ്രതിനിധികൾ<br>മുതിർന്ന പൗരന്മാർ<br>അധ്യാപകർ |

# മലയാളം UP

| ക്രമ നമ്പർ | പ്രോഗ്രാം | ആക്ടിവിറ്റി | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ, വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ | 2 മാസം | പുസ്തകങ്ങൾ | അധ്യാപകർ, PTA |
| 2 | മികച്ച വായനക്കാരാക്കുക | വായനാമൂല, ക്ലാസ്സ് ലൈബ്രറി, പത്രവായന | 6 മാസം | പുസ്തകങ്ങൾ, പത്രം | അധ്യാപകർ |
| 3 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠ ഭാഗവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ, മോണോ ആക്ട് എന്നിവ ക്ലാസിലും സ്കൂൾ അസംബ്ലിയിലും അവതരിപ്പിക്കാൻ അവസരം നൽകുക | 1 വർഷം | പുസ്തകങ്ങൾ, വീഡിയോസ് | അധ്യാപകൻ, സ്കൂൾ |

## Annual English Development Plan

| Term | Programme | Activities | Supported By |
|---|---|---|---|
| Short-Term (2 Months) | To Improve Basic Skills of LSRW | - Interactive workshops led by experts.<br>- English Fest: Debates, spelling bees, and storytelling.<br>- Creative writing worksheets (weekly).<br>- Weekly English Assembly: Word of the Day, skits.<br>- Library Hour: Structured sessions with novels, poems, etc. | Library, Teachers, PTA, Experts |
| Mid-Term (6 Months) | To Apply Skills Gained | - FM Radio Initiative: Students present news, stories.<br>- Public Speaking Series: Speeches, debates, extempore.<br>- Drama and Choreography: Stage plays and recitations.<br>- Content Creation: Articles for school magazine, vlogs. | Library, Sound System, CDs, Newspapers, Journals |
| Long-Term (1 Year) | To Enrich Basic Skills of LSRW | - AI-Powered Learning: Chatbots, speech-to-text apps.<br>- Project-Based Learning: Short films, novel chapters.<br>- Digital Tools: Kahoot for quizzes, Grammarly for writing.<br>- Telephonic Conversations: Practice English | Library, Projector/TV, Telephone, CDs, Teachers, PTA |

| | | | |
|---|---|---|---|
| | | speaking.<br>- English Literature Club: Book reviews, poetry recitals. | |

## English UP

| No. | Program | Activity | Duration | Supported by |
|---|---|---|---|---|
| 1 | Improve the basic skills of LSRW | Listening recordings and answer the question related to it.<br>Act according to the instructions in English<br>Conversation, role play, speech | 2 months | English Teachers |
| 2 | To improve Reading skill | Word of the day<br>Act out the new words from the chaapters<br>Newspaper reading<br>Spell bee competition<br>Reading competition - text book, story books, newspaper<br>Peer tutoring<br>Reading with the help of students with good reading skills | 1 year | English teachers, students with good reading skills |
| 3 | To improve writing skills | Preparing posters, notice boards, sign boards<br>Mini dictionary,Manuscript magazines | 1 year | Teachers |

## Short Term(ഹിന്ദി)

| ക്രമനമ്പർ | പ്രോഗ്രാം | Activity | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | കേട്ടെഴുത്ത് പ്ലക്കാർഡ് | 4 മാസം | പുസ്തകം | അദ്ധ്യാപകർ |

## Mid term (ഹിന്ദി)

| ക്രമനമ്പർ | പ്രോഗ്രാം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഹിന്ദി സംസാരിക്കാൻ പ്രാപ്തരാക്കുക | പാഠഭാഗത്തെ കഥകളുടെ സ്ക്രിപ്റ്റ് തയ്യാറാക്കുക നാടകരൂപത്തിൽ അഭിനയിക്കുക | 6 മാസം | പുസ്തകങ്ങൾ ICT | PTA അദ്ധ്യാപകർ |

## Long Term (ഹിന്ദി)

| ക്രമനമ്പർ | പ്രോഗ്രാം | Activity | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഹിന്ദി നാടകോത്സവം | 1 ക്യാമ്പ്<br>2 സ്ക്രിപ്റ്റ് റൈറ്റിംഗ്<br>3 അഭിപ്രായ പരിശീലനം<br>4 ശില്പശാല<br>5 ക്ലാസ്സ്തല അഭിനയ പരിശീലന അവസരം<br>6 വേദികളിൽ അവതരണം | 1 വർഷം | C.D<br>പുസ്തകങ്ങൾ<br>ലൈബ്രറി | അദ്ധ്യാപകർ<br>Resource Person ,PTA |

# Science HS

| ക്രമ നമ്പർ | പ്രോഗ്രാം | ആക്ടിവിറ്റി | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം, Models നിർമ്മിക്കുന്നു, simple experiments ചെയ്യുന്നു | 1 year | Science lab, class | Science അധ്യാപകർ |
| 2 | ആരോഗ്യ പരിപാലനം | ആരോഗ്യപ്രവർത്തകരെ സംഘടിപ്പിച്ചുകൊണ്ട് കൊതുക് ജന്യ രോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് | 1 month | Science lab | Science club, resource persons, Teachers |
| 3 | ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | Field trip, ശാസ്ത്ര ശിൽപശാല, സെമിനാർ | 6 months | ശാസ്ത്ര മാഗസിനുകൾ, pen drive | Teachers, science club, resource persons |
| 4 | പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക | സമ്പൂർണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്, തണൽ മരങ്ങൾ നട്ട് പിടിപ്പിക്കൽ, ഔഷധതോട്ടം, പച്ചക്കറി ത്തോട്ടം നിർമ്മാണം | 1 year | Class room, school, വിത്തുകൾ | Science club, teachers PTA |

## Short term (science)

| ക്രമ നമ്പർ | പ്രോഗ്രാം | ആക്റ്റിവിറ്റി | Time | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ശാസ്ത്രാഭിരുചി വളർത്തുന്നു. കൗതുകം, നിരീക്ഷണപാഠവം ,etc. പരിപോഷിപ്പിക്കുന്നു. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്കുമുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു, Models നിർമ്മിക്കുന്നു, പാഠവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം Simple Projects ISRO Scientist മായി Video conferencing | 6 മാസം | Science Journals, Library, Science lab, IT Lab. Sound System. | PTA, Resource Persons. SITC |

## Mid Term

| ക്രമ നമ്പർ | പ്രോഗ്രാം | Activity | Time | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗവേഷണാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | Seminar, ശില്പശാലകൾ, ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ, Bio diversity Park, Green Protocol. വ്യക്തിപരിസരശുചിത്വ പ്രവർത്തനങ്ങൾ. | 1 Year | Plants, Animals and their raring equipments. Collections. | Teachers, Resource Persons. PTA, DIET. |
| 2 | ആശയധാരണരൂപീകരിക്കുന്നു | Display Board. Science corner, Sex education, Demonstrations. | | Display board,പത്രം, ശാസ്ത്രമാസികകൾ ,CD. | Teachers, Resource Persons,PTA |

| | | | | | |
|---|---|---|---|---|---|
| | | Field trip.<br>Lifestyle disease awareness,<br>Science Quiz,<br>Science Magazine നിർമ്മാണം. | | | |

## Long Term

| ക്രമ നമ്പർ | പ്രോഗ്രാം | Activity | Time | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പ്രശ്നപരിഹരണശേഷി വളർത്തുന്നു. | Learning aid നിർമ്മാണം. | 2 Months | Lab equipments | Teachers |
| 2 | സർഗാത്മകത വളർത്തുന്നു. | Science Magazine നിർമ്മാണം. | 3 Months | Paper, Cardboard, Chart. | Teachers PTA |

# സോഷ്യൽ സയൻസ് -UP

| Sl. No | പ്രോഗ്രാം | ആക്ടിവിറ്റി | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം | സെമിനാർ | 1 month | Pen drive | Resource person, അധ്യാപകൻ |
| 2 | സാമൂഹ്യശാസ്ത്ര അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | ക്വിസ്, memory test | 1 month | Vidoes, pen drive | അദ്ധ്യാപകർ |
| 3 | സുസ്ഥിര വികസന കാഴ്ചപാടുകൾ രൂപപ്പെടുത്തുന്നു. | സെമിനാർ | 4 months | Pendrive, vidoes, മാഗസിൻ | അധ്യാപകർ |
| 4 | ചരിത്ര അവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുക | 1 year | Pictures, videos | അദ്ധ്യാപകൻ |

## Short Term (social science)

| ക്രമ നമ്പർ | പ്രോഗ്രാം | Activity | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ആശയധാരണ നേരറിവ് സമ്പാദിക്കൽ<br><br>ഭൂപടങ്ങൾ പരിചയപ്പെടുത്തൽ | സെമിനാർ<br><br>Video പ്രദർശനം Atlas നിർമ്മാണം | 1 മാസം<br><br>2 മാസം | | അദ്ധ്യാപകർ |
| 2 | സംഘബോധം സഹകരണ മനോഭാവം വളർത്തുന്നു. | സംസ്കാര സമത്വയം– നാനാത്വത്തിൽ ഏകത്വം | 2 മാസം | പത്രങ്ങൾ Pendrive പുസ്തകങ്ങൾ ലൈബ്രറി | അദ്ധ്യാപകർ Resource Person PTA |

| | | | | | |
|---|---|---|---|---|---|
| | | ദിനാചരണങ്ങൾ<br>പത്രവാർത്തകൾ<br>ശേഖരണം | എല്ലാ<br>മാസവും | | |

## Mid Term (Social Science)

| ക്രമ നമ്പർ | പ്രോഗ്രാം | Activity | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ജനാധിപത്യബോധം വളർത്തുന്നു<br><br>നിയമനിർമ്മാണ സഭയുടെ വിവിധ ഘട്ടങ്ങൾ | Parliament Election– Model Parliament | 6 മാസം | പത്രവാർ ത്തകൾ പുസ്തകങ്ങൾ, CD Library | അദ്ധ്യാപകർ PTA, Resource Persons |
| 2 | ഭൂവിവരശേഖരണം ഇന്ത്യയുടെ ഭൂപ്രകൃതി സവിശേഷതകൾ | Map Models Collection | 6 മാസം | Maps, Chart Pictures, CD Pendrive, Library, Globe | അദ്ധ്യാപകർ PTA, Resource Persons |

| | | | | | |
|---|---|---|---|---|---|
| 3 | വിവിധ സാമ്രാജ്യങ്ങൾ | കഥ | 2 മാസം | CD, Pendrive ചിത്രങ്ങൾ ചിത്രകഥകൾ Library പുസ്തകങ്ങൾ | അദ്ധ്യാപകർ PTA, Resource Persons |

## Long Term(Social Science)

| ക്രമ നമ്പർ | പ്രോഗ്രാം | Activity | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | പ്രാദേശിക ചരിത്രരചന<br>Field Trip<br>അഭിമുഖം–Resource person<br>ചരിത്രശേഖരണം<br>Album | 2 മാസം | Collection – models<br><br>ചരിത്ര രേഖകൾ പുസ്തകങ്ങൾ പത്രവാർത്തകൾ | PTA അദ്ധ്യാപകർ<br><br>PTA അദ്ധ്യാപകർ ജനപ്രതിനിധികൾ സാമൂഹികപ്രവർത്തകർ, മുതിർന്ന പൗരന്മാർ സാംസ്കാരിത നായകർ |
| 2 | വിമുക്തി– | ലഹരി വിമുക്ത | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | ലഹരി വിമുക്തസമൂഹം | സമൂഹം | | | |
| 3 | സ്ത്രീശാക്തീകരണം സ്ത്രീസുരക്ഷ | സെമിനാർ | 6 മാസം | Library പുസ്തകങ്ങൾ CD, Pendrive | അദ്ധ്യാപകർPTA |

## Mathematics

| Sl. no | പ്രോഗ്രാം | Activity | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | Pre test നടത്തി List തയ്യാറാക്കി, കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. | June | Chart | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2 | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | ഗണിതദിനാചരണങ്ങൾ, ഗണിതവാരാചരണം | 2 മാസം | Cardboard pins, ഗണിത | Group leaders Resource |

| | | | | | |
|---|---|---|---|---|---|
| | | ഗണിതക്വിസ്, ജിയോബോർഡ് | | പുസ്തകങ്ങൾ | persons ,PTA |
| 3 | ഗണിതാസ്വാദന ശേഷി വളർത്തുന്നു. | Motivational class, സംഖ്യാ പാറ്റേണുകൾ, ജ്യാമിതീയ പാറ്റേണുകൾ തയ്യാറാക്കൽ കുസൃതി കണക്കുകൾ, കലണ്ടർ തയ്യാറാക്കൽ | 2 മാസം | Chart, papers etc. | അദ്ധ്യാപകർ Resource persons ,PTA |
| 4 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത,ശില്പശാലകൾ, (പരപ്പളവ്, ചുറ്റളവ്) | തുടർപ്രവർത്തനങ്ങൾ | Scale, Instruments | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ,Club അംഗങ്ങൾ |
| 5 | സർഗ്ഗാത്മകചിന്ത വളർത്തി ഗണിതാശയങ്ങൾ വിശദീകരിക്കുന്ന | Maths Magazine തയ്യാറാക്കൽ, Lab, Club പ്രവർത്തനങ്ങൾ, Seminar, | 4 മാസം | ഗണിത പുസ്തകങ്ങൾ Library | അദ്ധ്യാപകർ Club Leaders, PTA |

| | | | | | |
|---|---|---|---|---|---|
| | തിന് | Project ഇവയുടെ രൂപീകരണം | | പഠനോപകരണങ്ങൾ | |
| 6 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | Field Trip സംഘടിപ്പിക്കുന്നു. Children's Bank രൂപീകരണം etc. | Term ൽ ഒന്ന് | Pass Book, Register | അദ്ധ്യാപകർ PTA |
| 7 | ഗണിതാശയങ്ങളിൽനിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | Club പ്രവർത്തനങ്ങൾ ശില്പശാലകൾ ഇവ സംഘടിപ്പിക്കുന്നു. | Term 1 | ഗണിതരൂപങ്ങൾ clenometer, etc | അദ്ധ്യാപകർ ഗണിത Club |

## Maths UP

| ക്രമ നമ്പർ | പ്രോഗ്രാം | Activity | Duration | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | 2 months | Number cards, pen drive | അധ്യാപകർ |
| 2 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ നന്നായി പഠിക്കുന്ന കുട്ടികളുടെ. സഹായത്തോടെ മുൻപന്തിയിൽ കൊണ്ടുവരുന്നു | 6 months | Text books | അധ്യാപകൻ, സമർത്ഥരായ കുട്ടികൾ |
| 3 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, എന്നിവ ഐ. ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കുന്നു. | 1 year | Pen drive, laptop | ഗണിത അധ്യാപകൻ |

# IT

| ക്രമ നമ്പർ | പ്രോഗ്രാം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സർഗാത്മകത വളർത്തുന്നു<br><br>സാങ്കേതിക പരിജ്ഞാനം | 1.കുട്ടിക്കൂട്ടം രൂപീകരണം<br>2.കുട്ടിക്കൂട്ടത്തിന്റെ നേതൃത്വത്തിൽ മലയാളം ടൈപ്പിംഗ് പരിശീലനം<br><br>3.ഇ-വായന<br><br>4.ഇ- പത്രനിർമ്മാണം<br><br>5.സ്കൂൾ വിക്കി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | 2 മാസം<br><br>2 മാസം<br><br>2 മാസം<br><br>6 മാസം | IT Lab<br>Computers<br>Internet<br>Digital Camera | SITC<br>അദ്ധ്യാപകർ<br>PTA<br>KITE<br>MASTERS |

| | | | | | |
|---|---|---|---|---|---|
| | | 6. AI പരിശീലനം<br>7.റോബോട്ടിക്സ് പരിശീലനം<br>8. ആനിമേഷൻ പരിശീലനം<br>9.വീഡിയോ എഡിറ്റിങ് | 6 മാസം<br>3 മാസം<br>2 മാസം | | |

# Special Education

| ക്രമ നമ്പർ | പ്രോഗ്രാം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. IFSP- Implematation<br><br>2.പ്രത്യേകം പരിപാടികൾ – പഠനവൈകല്യം, പഠനപിന്നോക്കാവസ്ഥ, ശാരീരിക മാനസിക വെല്ലുവിളികൾ എന്നിവ നേരിടുന്ന കുട്ടികൾക്ക്<br><br>3. SEN കുട്ടികൾക്ക് adaptive materials ഉപയോഗിച്ചുള്ള പ്രത്യേക ക്ലാസ് | 3 മാസം<br><br>2 മാസം<br><br>3 മാസം | Adaptive Learning materials<br>Library<br>3D maps<br>CD | Resource Teacher<br>അദ്ധ്യാപകർ |

## ചിത്രകല

| ക്രമ നമ്പർ | പ്രോഗ്രാം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | മികച്ച ചിത്രകലാകരന്മാരെ സൃഷ്ടിക്കുന്നതിന് | 1.Pencil Drawing<br>Painting<br>Cartoon<br>Collague<br>Oil Painting<br>Fabric painting<br>Glass painting<br>Workshop<br><br>2. വിവിധ software കളുപയോഗിച്ചുള്ള ചിത്രരചനാ പരിശീലനം | 3 മാസം | IT Lab<br>Computer<br>Laptop | Art Teacher<br>ചിത്രകലാകാരന്മാർ |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച സംവിധായകനാക്കുക | Video camera, Digital camera ഉപയോഗിച്ച് Short film നിർ മ്മാണ പരിശീലനം | 1 മാസം | Video Camera Digital Camera Spirit | |

## കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രോഗ്രാം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കായിക അഭിരുചി വളർത്തൽ | 1.ദേശീയ അന്തർദേശീയ തലത്തിൽ നടക്കുന്ന ടൂർ ണമെൻ്റുകളുടെ അവലോകനം- weekly- sports club ന്റെ നേതൃത്വത്തിൽ<br><br>2.പ്രാദേശിക | 2 മാസം | Sports equipments Play ground | Physical Education teacher Teachers PTA SAS officials |

| | | | | | |
|---|---|---|---|---|---|
| | | ടൂർണമെന്റുകളുടെ സംഘാടനം, വീക്ഷണം | 6 മാസം | | |
| 2 | മികച്ച കായികതാരങ്ങളാക്കുക. | 1. Volley ball, basket ball എന്നിവയ്ക്ക് അവധിക്കാല ക്യാമ്പ് തുടർന്ന് എല്ലാ ദിവസവും പ്രത്യേക പരിശീലനം<br>2. Games–ഏകദിന പരിശീല–തുടർ പരിശീലനം<br><br>3. Orientation programmes for higher levels (SAI) | 1 വർഷം<br><br><br>1 വർഷം | | |

# Work Experience

| ക്രമ നമ്പർ | പ്രോഗ്രാം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പ്രവൃത്തി പരിചയ പരിശീലനം | 1. Paper bag<br>2.File<br>3.Writing pad<br>4.Book binding<br>5.Chalk making<br>6.Candle making<br>7.കുട നിർമ്മാണം<br>8.തയ്യൽ പരിശീലനം<br>9.സോപ്പ് നിർമ്മാണം<br>10.അഗർബത്തി നിർ മ്മാണം<br>11.Clay modeling<br>തുടങ്ങിയവയിൽ പ്രത്യേക പരിശീലനം | 2 മാസം<br>6 മാസം | Raw materials | Special teachers, Teachers PTA |
| 2 | സാമൂഹിക പങ്കാളിത്തം വർ | തയ്യൽ യൂണിറ്റ്, കുട നിർമ്മാണ യൂണിറ്റ് | 1 വർഷം | Raw materials | |

| | | | | | |
|---|---|---|---|---|---|
| | ധിപ്പിക്കൽ<br><br><br>സ്വാശ്രയശീലം വളർത്തുന്നു | Book binding unit,Chalk, മെഴുകുതിരി നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് വിപണനം നടത്തുന്നു. | | | |

**ശുചിത്വ വിദ്യാലയം, ഹരിതവിദ്യാലയം പ്രവർത്തനങ്ങൾ**

- ★ ക്ലാസ് തല ശുചിത്വം
- ★ സ്കൂൾ പരിസരം വൃത്തിയാക്കൽ
- ★ സ്കൂൾ പൂന്തോട്ടം മനോഹരമാക്കൽ
- ★ പ്ലാസ്റ്റിക് രഹിത ക്യാമ്പസ്
- ★ ജൈവകൃഷിതോട്ടം
- ★ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാനുള്ള സൗകര്യം - സ്കൂൾ ക്യാമ്പസ്

**ലഹരിവിരുദ്ധ അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

- ★ സെമിനാർ
- ★ Awareness ക്ലാസുകൾ
- ★ ലഹരിവിരുദ്ധ സന്ദേശമുൾക്കൊണ്ട് സ്കൂൾ അസംബ്ലി
- ★ ക്ലാസ് തല ചർച്ചകൾ
- ★ ലഹരിവിരുദ്ധ സന്ദേശങ്ങൾ പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കുക
- ★ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പ്രവർത്തങ്ങൾ നടത്തുക.

# പ്രതീക്ഷിക്കുന്ന ഭൗതികവികസനങ്ങൾ

| Sl. NO | Programme | Duration | Financial source | Expected expense |
|---|---|---|---|---|
| 1 | New building with additional class rooms | 5 years | Management, PTA, Sponsorship | 2 crores |
| 2 | ഇടച്ചുമർ –16 | 2 years | Management, PTA, Sponsorship | 8 lakhs |
| 3 | Hightech class rooms–29 | 2 years | Management, PTA, Sponsorship | 15 lakhs |
| 4 | Rest room | 1 year | ജില്ലാ പഞ്ചായത്ത് | 8 lakhs |
| 5 | എല്ലാ ക്ലാസ് റൂമിലും അലമാരയും Display board ഉം | 6 months | PTA,Sponsors | 1.5 lakhs |
| 6 | ഇൻഡോർ സ്റ്റേഡിയം | 2 years | PTA, Sponsors | 10 lakhs |
| 7 | ഗണിത പാർക്ക് | 1 year | Management | 1 lakh |
| 8 | Science park | 1 year | sponsorship | 4 lakh |
| 9 | സർഗ്ഗച്ചുമരുകൾ | 1 year | Management | 1 lakh |
| 10 | വള്ളിക്കുടിലുകൾ | 1 year | Management | 2 lakhs |
| 11 | Adaptive toilet | 1 year | Management | 25,000 |
| 12 | Child friendly,resourse room | 1 year | Management | 25,000 |
| 13 | സൗരോർജ്ജ ഉല്പാദന യൂണിറ്റ് | 5 years | Panchayath | 8 lakhs |
| 14 | Adaptive toilet(14 numbers) | 1 year | Block panchayath | 25 lakhs sponsorship |

## സമൂഹബന്ധ ആസൂത്രണ രേഖ

**മാനേജ്മെന്റ്, പി.റ്റി.എ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥിനികൾ, പൂർവ്വ അദ്ധ്യാപകർ, സമീപ സ്ഥാപനങ്ങൾ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ നിർലോഭമായ സഹായ സഹകരണങ്ങളോടെ വിഭവസമാഹരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സ്കൂൾ വികസനം സാധ്യമാക്കുക**

എല്ലാ മാസവും പി.റ്റി.എ യും സ്കൂൾ വികസന സമിതിയും ചേർന്ന് അവലോകനവും ആസൂത്രണവും നടത്തുക.

പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അദ്ധ്യാപക കൂട്ടായ്മ എന്നിവ എല്ലാ വർഷവും ചേർന്ന് സ്കൂളിന്റെ വികസനത്തിനായി ക്രിയാത്മക നിർദ്ദേശങ്ങളും സാമ്പത്തിക സാങ്കേതിക സഹായങ്ങളും ഉറപ്പാക്കുക.

**JCI**, ലയൺസ് ക്ലബ്ബ്, വിൻസന്റ് ഡീ പോൾ സൊസൈറ്റി തുടങ്ങിയ സാമൂഹ്യ സന്നദ്ധ സംഘടനകളുമായി സജീവ ബന്ധം പുലർത്തി അർഹമായ സഹായസഹകരണങ്ങൾ ലഭ്യമാക്കുക.

കൃഷിഭവന്റെ സഹകരണത്തോടെ പച്ചക്കറിത്തോട്ടവും ജൈവവൈവിധ്യ പാർക്കും നിർമ്മിക്കുക.

പ്രൈമറി ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന് പ്രതിരോധ കുത്തിവയ്പുകൾ,പകർച്ച വ്യാധി നിയന്ത്രണം, ബോധവത്കരണം, ഹെൽത്ത് നേഴ്സിന്റെ സേവനം തുടങ്ങിയവ ഉറപ്പിക്കുക.

പ്രാദേശിക നേതാക്കളുടേയും സാഹിത്യകാരന്മാരുടെയും സാംസ്കാരിക നായകന്മാരുടെയും മറ്റ് Resource Person നെയും സ്കൂളിൽ എത്തിക്കുക

## പരിഹാര നിർദേശങ്ങൾ

1. നവമാധ്യമങ്ങൾ കുട്ടികളിൽ ചെലുത്തുന്ന ദൃഷ്യഫലങ്ങൾ മുൻനിർത്തി Counselling, Child Awareness Program എന്നിവ Govt നേതൃത്വത്തിൽ സംഘടിപ്പിക്കുക.

2. കാലഘട്ടത്തിന്റെ സവിശേഷതകൾ മനസ്സിലാക്കി ധാർമ്മികത മുൻനിർത്തിയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയുള്ള മോട്ടിവേഷൻ ക്ലാസുകൾ, പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

3. സിവിൽ സർവ്വീസ്, കരിയർ ഗൈഡൻസ് വ്യക്തിത്വ വികസനം എന്നീ പരിശീലന കോഴ്സുകളിലൂടെ ഭാവിസാധ്യതകൾ പഠിതാക്കൾക്ക് മുമ്പിൽ തുറന്നുകൊടുക്കുക.

4. സവിശേഷകഴിവുള്ള കുട്ടികളുടെ സർഗ്ഗശേഷികൾ വികസിപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിലേക്ക് ഉയർത്തുവാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

5.പ്രതേക പരിഗണന അർഹിക്കുന്ന പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരമുയർത്തുവാനുള്ള നടപടികൾ സ്വീകരിക്കൽ.

## ഉപസംഹാരം

അക്ഷരങ്ങളുടെ പൊൻവെളിച്ചത്തിൽ അറിവിന്റെ അക്ഷയഖനിയായ, ആയിരങ്ങൾക്ക്, മാർഗദീപമായി പ്രശോഭിക്കുന്ന സെന്റ്. മേരീസ് ഗേൾസ് ഹൈസ്കൂൾ, വികസന ലക്ഷ്യം മുന്നിൽകണ്ട്, തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ഇന്നലകളെ ശരിയായി വിശകലനം ചെയ്ത് നാളകളെ കൂടുതൽ പ്രകാശമാനമാക്കി സ്കൂളിന്റെ മുന്നേറ്റം സാധ്യമാക്കാൻ ഉതകുമെന്നു കരുതട്ടെ. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യമാക്കി തുല്യത, ഗുണത, എന്നിവ ഉറപ്പാക്കി ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാൻ ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.